പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3995 — 16/05/2017 ൽ മറുപടിക്ക്

# തെരുവ് നായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ. വി.എസ്.ശിവകുമാർ**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** തെരുവ് നായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിജയപ്രദമാണോ; വിശദമാക്കുമോ; | **എ)** തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ത്രിതല പഞ്ചായത്തുകളും നഗര സഭകളും സഹകരിച്ച് ജില്ലയിലെ നിശ്ചിത കേന്ദ്രങ്ങളിൽ തെരുവ് നായ്ക്കളെ എത്തിച്ച് വന്ധ്യംകരിച്ച് തിരികെ വിടുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പൊതുനിരത്തുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള കർമപദ്ധതികളും സ്വീകരിച്ചുവരുന്നു. |
| **ബി)** തെരുവ് നായ നിയന്ത്രണത്തിനായി കഴിഞ്ഞ പതിനൊന്ന് മാസം എന്ത് തുക അനുവദിച്ചുവെന്നും അതിൽ ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | **ബി)** ഈ ആവശ്യത്തിനായി ഗ്രാമപഞ്ചായത്തുകൾ 11,57,33,289/- രൂപ വകയിരുത്തിയിട്ടുള്ളതിൽ 31/03/2017 വരെ 3,01,19,117/-രൂപ ചെലവഴിച്ചിട്ടുണ്ട്. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 9,52,31,554/- രൂപ വകയിരുത്തിയതിൽ 23,24,202/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| **സി)** 2016 -ൽ എത്ര തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് സാധിച്ചു; | **സി)** 28103 തെരുവു നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്. |
| **ഡി)** ജസ്റ്റിസ് സിരിജഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ | **ഡി)** ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ടിൽ നഷ്ടപരിഹാരത്തിന് ശുപാർശ ചെയ്തിട്ടുള്ള 19 പേർക്ക് ആകെ 33,37,743/- രൂപാ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും 31/05/2017 ന് മുമ്പായി നൽകാൻ 11/05/2017 ലെ സ.ഉ.(ആർ.റ്റി) 1546/2017/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ